കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 4 | മേയ് 31 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം

3 കരകുളം സൺഡേ മാർക്കറ്റ് 'ദേശങ്ങൾ പാടുമീ കൃഷി ഗീതികൾ'

8 മൃഗസംരക്ഷണ ക്ഷീരമേഖലയിലെ കർഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രത്യേക പാക്കേജ്

# കൊപ്രാസംഭരണം കേന്ദ്രനിലപാട് കർഷക വിരുദ്ധം:

## കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

പ്രായോഗിക നിബന്ധനകൾ വച്ച് കേന്ദ്ര സർക്കാർ കേരളത്തിലെ കൊപ്ര സംഭരണം അട്ടിമറിക്കുകയാണെന്നും ഇത് കർഷക വിരുദ്ധ നടപടിയാണെന്നും കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കേരളത്തിൽ ഏറ്റവും പ്രചാരമുള്ളതും ജനവിശ്വാസം ആർജ്ജിച്ചതുമായ "കേര" വെളിച്ചെണ്ണയുടെ ഉല്പാദകരായ കേരഫെഡിന് പ്രതി ദിനം 100 മെട്രിക് ടൺ കൊപ്രയാണ് ആവശ്യം. കേന്ദ്ര സർക്കാരിന്റെ നിബന്ധന പ്രകാരം സംഭരണത്തിൽ ഏർപ്പെടുന്ന സ്ഥാപനം സംഭരണത്തിലൂടെയല്ലാതെ കൊപ്ര വാങ്ങുക സാധ്യമല്ല. കേരഫെഡിന് ആവശ്യമായ കൊപ്ര സംഭരണത്തിലൂടെ ലഭിക്കുന്നില്ല. ഇത് " കേര " വെളിച്ചെണ്ണയുടെ ഉത്പാദനത്തെ സാരമായി ബാധിക്കുന്നു. ഈ നിബന്ധന നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ സംരംഭമായ കേരഫെഡിനെ കൊപ്ര സംഭരണത്തിൽ നിന്ന് പിന്മാറേണ്ട സാഹചര്യത്തിലേക്ക് കേന്ദ്ര സർക്കാർ കൊണ്ട് ചെന്നെത്തിച്ചിരിക്കുകയാണ്. ഇത് വൻകിട കൊപ്ര വ്യാപാര ലോബികളുടെ കടന്നു കയറ്റത്തിന് ഇടയാക്കുമെന്നും മന്ത്രി പറഞ്ഞു. അതിനാൽ ഇത്തരത്തിലുള്ള അപ്രായോഗിക നിബന്ധനകളിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നും ഇത്തരത്തിലുള്ള നിബന്ധനകളിൽ നിന്നും



കേരഫെഡിനെ ഒഴിവാക്കണമെന്നും സർക്കാർ നാഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കൃഷി മന്ത്രി പറഞ്ഞു. കേരളത്തിലെ കേരകർഷകരുടെ സംഘങ്ങളുടെ അപക്സ് ബോഡിയായ കേരഫെഡിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ടി നിബന്ധന ഒഴിവാക്കേണ്ടത് ആവശ്യമാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. മുൻ കാലങ്ങളിൽ നാഫെഡ് വഴി കൊപ്ര സംഭരണം നടന്ന വേളയിൽ കേരഫെഡ് സംസ്ഥാന സംഭരണ ഏജൻസിയായി പ്രവർത്തിച്ചിരുന്നു. അക്കാലത്ത് ഇത്തരം പ്രതിസന്ധികൾ ഉണ്ടായിരുന്നില്ല. എന്നാൽ സംസ്ഥാനത്തിന്റെ പല തവണയായുള്ള ആവശ്യം കേന്ദ്രം നിരസിച്ചിരിക്കുന്നു എന്നത് വേദനാജനകവും കേരകർഷകരോടുള്ള വെല്ലുവിളിയുമാണ്. ഈ പ്രതിസന്ധി തരണം ചെയ്യുന്നത് വരെ കേരഫെഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് കൊപ്രാസംഭരണത്തിന് തടസമുണ്ടാകാതിരിക്കാൻ മാർക്കറ്റ് ഫെഡ് മുഖേന സംഭരണം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കഴിഞ്ഞ വർഷം കേരളത്തിൽ നാളികേരത്തിന്റെ വിലയിൽ ഇടിവുണ്ടായപ്പോൾ മുതൽ കേരഫെഡ്, കേരള നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന അടിസ്ഥാന വില ഉറപ്പാക്കി കേരളസർക്കാർ നാളികേര സംഭരണം നടത്തി വരുന്നുണ്ട്. കേന്ദ്രം നൽകുന്ന താങ്ങുവിലയേക്കാൾ 4 രൂപ അധികം നൽകി ഒരു കിലോ പച്ചതേങ്ങയ്ക്ക് 32 രൂപ നൽകിയാണ് കേരളത്തിൽ നാളികേരം സംഭരിക്കുന്നത്. അതോടൊപ്പം നാഫെഡ് മുഖേന കൊപ്ര സംഭരിക്കണമെന്ന് കൂടി കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. കേരള സർക്കാരിന്റെ നിരന്തര സമ്മർദ്ധത്തിന്റെ ഫലമായി ഈ വർഷം ഫെബ്രുവരി 3 നാണ് 5,000 മെട്രിക് ടൺ കൊപ്ര സംഭരിക്കാൻ കേന്ദ്രം നാഫെഡിന് അനുമതി നല്കിയത്. ഉടൻ തന്നെ കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൊപ്ര സംഭരണത്തിന്റെ ഭാഗമാകേണ്ട നാഫെഡ്, കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവരുടെ പ്രതിനിധിക

ചീഫ് എഡിറ്റർ - സുനിൽകുമാർ ആർ.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - ശ്രീകല എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

ളെ ഉൾപ്പെടുത്തി ഉന്നതതല യോഗം കൂടി കൊപ്ര സംഭരണത്തിനു വേണ്ട പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ കേര കർഷകരെ ഇടനിലക്കാരുടെയും കുത്തകകളുടെയും ചൂഷണത്തിൽ നിന്നും സംരക്ഷിച്ച് തങ്ങളുടെ ഉൽപ്പന്നത്തിന് പരമാവധി വില ലഭ്യമാക്കുന്നതിനും കൊപ്ര താങ്ങുവില ഉറപ്പു വരുത്തുന്നതിനുമാണ് 09/02/2022 ന് 8/2022 നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചത്. കൊപ്രയ്ക്ക് പുറമേ പച്ചതേങ്ങ കൂടി സംഭരണത്തിന്റെ ഭാഗമാക്കുന്ന തരത്തിലാണ് സംസ്ഥാന സർക്കാർ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ വിജയത്തിനായി കൃഷി വകുപ്പ് സെക്രട്ടറി ചെയർമാനും, കൃഷി ഡയറക്ടർ കൺവീനറുമായി നാഫെഡ് പ്രതിനിധികൂടി ഉൾപ്പെടുന്ന സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലാകളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തിക്കുന്നത്. നാഫെഡ് ഉൾപ്പെടെയുള്ള സംഭരണ ഏജൻസികൾ ഉന്നയിക്കുന്ന വിഷയങ്ങൾ സമയ ബന്ധിതമായി പരിഹരിക്കാൻ കൃഷി വകുപ്പ് സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# 'ഞങ്ങളും കൃഷിയിലേക്ക്'

## പദ്ധതിയുടെ ഉദ്ഘാടനം കാർഷിക സർവ്വകലാശാലയിൽ നടന്നു

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കൃഷിയിലേക്കിറക്കാൻ ലക്ഷ്യം വച്ചുള്ള 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഉദ്ഘാടനം കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ സംഘടിപ്പിച്ചു. ചലച്ചിത്ര സംവിധായകനും, തിരക്കഥാകൃത്തുമായ ശ്രീ. സത്യൻ അന്തിക്കാട് പദ്ധതിയുടെ ഭാഗമായ മാതൃകാ പച്ചക്കറി തോട്ടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. കൃഷി ആയാസരഹിതമാക്കാൻ സഹായിക്കുന്ന കെ.വി.കെ തയ്യാറാക്കിയ ലഘുലേഖകളുടെ പ്രകാശനവും ഇതോടൊപ്പം നടന്നു. കലാരംഗത്തുൾപ്പെടെയുള്ള മലയാളികൾ ലഭ്യമായ കൃഷിയിടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഭക്ഷ്യ സ്വയംപര്യാപ്തത നേടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞതിനോടൊപ്പം, വിഷരഹിതവും, സുരക്ഷിതവുമായ ഭക്ഷണം ഉറപ്പ് വരുത്തണമെങ്കിൽ നാം ഓരോരുത്തരും കൃഷിയിലേക്കിറങ്ങിയേ മതിയാകൂ എന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ വിജയം കേരളത്തിന്റെ കാർഷിക മുന്നേറ്റത്തിൽ ഒരു നാഴികകല്ലായിരിക്കട്ടേ എന്ന് അദ്ദേഹം ആശംസിച്ചു. കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തി മാതൃക സൃഷ്ടിക്കുന്നതിനായി സംഘടിപ്പിച്ച പരിപാടിക്ക് കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജയശ്രീ കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു. ജീവനക്കാരുടെ മാതൃകാ കൃഷിത്തോട്ടത്തിന്റെ ഉദ്ഘാടനം മാടക്കത്തറ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സണ്ണി ചെന്നിക്കര നിർവഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പ്രശാന്ത്, കാർഷിക ഗവേഷണ കേന്ദ്രം മേധാവി ഡോ. എ. ലത, ഒല്ലൂക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സത്യവർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.



# ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പ്രചാരണ പരിപാടി



കേരളം ഗവണ്മെന്റ് സെക്രട്ടേറിയറ്റ് വിമൻസ് വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ശിശുവിഹാർ അവധിക്കാല ക്യാമ്പിന്റെ ഭാഗമായി നടന്ന കാർഷികോത്സവത്തിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പ്രചാരണ പരിപാടി മന്ത്രി ശ്രീ. വി.ശിവൻകുട്ടി കുട്ടികൾക്കൊപ്പം പച്ചക്കറി തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു.

# കരകുളം സൺഡേ മാർക്കറ്റ്
# 'ദേശങ്ങൾ പാടുമീ കൃഷി ഗീതികൾ'

**രാജീവ്**
നന്ദിയോട്

കരകുളം ആറാംകല്ലിൽ സമഭാവന റസിഡന്റ്സ് അസോസിയേഷൻ്റേയും നന്ദിയോട് ഗ്രാമാമൃതത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ 2018 ഡിസംബറിലെ അവസാന ഞായർ ദിനത്തിൽ ഉദയം കൊണ്ട സൺഡേ മാർക്കറ്റ്. ഇന്ന് ഈ ചന്തയുടെ പേരും പെരുമയും കേരള സംസ്ഥാനത്തിന്റെ കാർഷിക ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുകയാണ്. ഒരു നാടിന്റെ ഭക്ഷണ സംസ്കാരത്തിൽ ജൈവ പച്ചക്കറികൾക്ക് അനിഷേധ്യമായ ഒരു സ്ഥാനം നൽകാൻ ഇതിനോടകം തന്നെ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടെ പറയാൻ സംഘാടകർക്കു സാധിക്കും. കർഷകരിൽ നിന്നും വിവിധയിനം



പച്ചക്കറികൾ, പാൽ, മുട്ട, നാളികേരം, വെളിച്ചെണ്ണ, തേൻ, തവിടുകളയാത്ത അരി, മറ്റു മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവനേരിട്ടു സ്വീകരിക്കുകയോ അവർ തന്നെ ചന്തയിൽ എത്തിക്കുകയോയാണ ഇവിടെ ചെയ്തു വരുന്നത്. കരകുളം കൃഷിഭവന്റെ മേൽനോട്ടത്തിലാണ് മാർക്കറ്റു പ്രവർത്തിക്കുന്നത്. മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും വികസന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തികൃഷി മേഖലയിൽ സജീവമായി ഇടപെടുന്നതിനും വേണ്ടി ബഹുമാനപ്പെട്ട സംസ്ഥാന കൃഷിവകുപ്പിൽ നിന്നും രണ്ടു തവണയായി 90,000/- രൂപ ഗ്രാന്റിനത്തിൽ അനുവദിക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ കേരള സമൂഹത്തിനു മുന്നിൽ അനുകരണീയമായ ഒരു മാതൃകയാകാൻ സൺഡേമാർക്കറ്റിനു കഴിഞ്ഞിരിക്കുന്നു. സൺഡേ മാർക്കറ്റ് എന്ന പേരിൽത്തന്നെ കരകുളം മുതൽ കാസർഗോഡു വരെ ഒരു മാർക്കറ്റു ശൃംഖല സംസ്ഥാന തലത്തിൽ രൂപപ്പെട്ടു വരികയാണെങ്കിൽ അതാതു സ്ഥലങ്ങളിലെ കർഷകർക്ക് ഏറെ ആശ്വാസമാകുമെന്നു വിശ്വസിക്കാം.



കരകുളം ആറാംകല്ലിൽ സമഭാവന റസിഡന്റ്സ് അസോസിയേഷന്റേയും നന്ദിയോട് ഗ്രാമാമൃതത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ 2018 ഡിസംബറിലെ അവസാന ഞായർ ദിനത്തിൽ ഉദയം കൊണ്ട സൺഡേ മാർക്കറ്റ് ഇന്ന് ഈ ചന്തയുടെ പേരും പെരുമയും കേരള സംസ്ഥാനത്തിന്റെ കാർഷിക ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുകയാണ്. ഒരു നാടിന്റെ ഭക്ഷണസംസ്കാരത്തിൽ ജൈവ പച്ചക്കറികൾക്ക് അനിഷേധ്യമായ ഒരു സ്ഥാനം നൽകാൻ ഇതിനോടകം തന്നെ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടെ പറയാൻ സംഘാടകർക്കു സാധിക്കും. കർഷകരിൽ നിന്നും വിവിധയിനം പച്ചക്കറികൾ, പാൽ, മുട്ട, നാളികേരം, വെളിച്ചെണ്ണ, തേൻ, തവിടുകളയാത്ത അരി, മറ്റു മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ നേരിട്ടു സ്വീകരിക്കുകയോ അവർ തന്നെ ചന്തയിൽ എത്തിക്കുകയോയാണ ഇവിടെ ചെയ്തു വരുന്നത്. കരകുളം കൃഷിഭവന്റെ മേൽനോട്ടത്തിലാണ് മാർക്കറ്റു പ്രവർത്തിക്കുന്നത്. മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും വികസന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തികൃഷി മേഖലയിൽ സജീവമായി ഇടപെടുന്നതിനും വേണ്ടി ബഹുമാനപ്പെട്ട സംസ്ഥാന കൃഷിവകുപ്പിൽ നിന്നും രണ്ടു തവണയായി 90,000/- രൂപ ഗ്രാൻറിനത്തിൽ അനുവദിക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ കേരള സമൂഹത്തിനു മുന്നിൽഅനുകരണീയമായ ഒരു മാതൃകയാകാൻ സൺഡേ മാർക്കറ്റിനു കഴിഞ്ഞിരിക്കുന്നു.




സൺഡേ മാർക്കറ്റ് എന്ന പേരിൽത്തന്നെ കരകുളം മുതൽ കാസർഗോഡു വരെ ഒരു മാർക്കറ്റു ശൃംഖല സംസ്ഥാന തലത്തിൽ രൂപപ്പെട്ടു വരികയാണെങ്കിൽ അതാതു സ്ഥലങ്ങളിലെ കർഷകർക്ക് ഏറെ ആശ്വാസമാകുമെന്നു വിശ്വസിക്കാം.

ഇതിനോടകം കരകുളം കാച്ചാണിയിലും കീഴാറ്റിങ്ങലിലും സൺഡേ മാർക്കറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും സൺഡേ മാർക്കറ്റുമുന്നോട്ടു വെച്ച ഈ മഹത്തായ ആശയത്തിനു പൊതു സമൂഹത്തിൽ പരക്കെ ലഭിച്ച സ്വീകാര്യതക്കു ഉദാഹരണമായി ചൂ

ണ്ടിക്കാട്ടാവുന്നതാണ് 2022 ഏപ്രിൽ 10ന് സൺഡേ മാർക്കറ്റ് 150 ആഴ്ച പൂർത്തിയാക്കിയ വിശേഷ വേളയിൽ കേരളത്തിന്റെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പ മന്ത്രി ശ്രീ.ജി.ആർ.അനിൽ അവർകൾ മാർക്കറ്റു സന്ദർശിക്കുകയുണ്ടായി. രാഷ്ട്രീയ-സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ നിരവധി പ്രമുഖർ ഇവിടം സന്ദർശിച്ചിട്ടുണ്ട്.

മറ്റൊരു സന്തോഷ വാർത്ത കൂടി. കേരളത്തിന്റെ ഭക്ഷ്യ സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നതിനായി അമേരിക്കയിലെ ബഫല്ലോ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥി സംഘം സൺഡേ മാർക്കറ്റു സന്ദർശിക്കുകയുണ്ടായി. ആ പഠനത്തിൽ മാർക്കറ്റിനെക്കൂടിയുൾപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ മാർക്കറ്റിൽ വി പണനത്തിനെത്തുന്ന ഉല്പന്നങ്ങളിൽ 70% ത്തോളം കരകുളം, അരുവിക്കര, കല്ലയം, കുടപ്പനക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരിൽ നിന്നു ലഭിക്കുന്നതിനാൽ നന്ദിയോടു നിന്നും തേനും വെളിച്ചെണ്ണയും മാത്രമാണ് സ്വീകരിക്കുന്നത്.

കരകുളം സർവ്വീസു സഹകരണ സംഘം, കോണ്ടൂർ കൺസ്ട്രക്ഷൻ, പ്രമുഖ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം എന്നീ സ്ഥാപനങ്ങളുടെ തോട്ടങ്ങളിലുൽപ്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ ഇവിടെ നിന്നും ലഭ്യമാണ്.

കർഷകന്റേയും ഉപഭോക്താവിന്റേയും താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടു പ്രവർത്തിക്കുന്ന സൺഡേ മാർക്കറ്റിന്റെ വിജയ രഹസ്യം കൂടി ഇവിടെ വെളിപ്പെടുത്തുകയാണ്.

ഈ മാർക്കറ്റിന്റെ കൺവീനറായ ശ്രീ.ഐ.ജെ.സന്തോഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സമഭാവനയുടെ ഭരണ സമിതിയുടെ പ്രവർത്തനങ്ങളാണ്. ദേശദേശാന്തരങ്ങൾ കടന്ന് ഈ മാർക്കറ്റിന്റെ പേരും പെരുമയും വാനോളമുയരട്ടെ. ഇത് സംഘടനയുടെ വിജയമാണ്. ഞായർച്ചന്ത നാടിൻ ചന്തയാകട്ടെ.

## മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

# ചെറ്റച്ചൽ ജഴ്സി ഫാം സന്ദർശിച്ചു



മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സി ഫാം സന്ദർശിച്ചു. 1956-ൽ പ്രവർത്തനമാരംഭിച്ച ഫാമിന് 123 ഏക്കർ സ്ഥലം സ്വന്തമായി ഉണ്ടായിരുന്നുവെങ്കിലും നിലവിൽ 58 ഏക്കറിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ 20 പശുക്കളും 150 ആടുകളും ഫാമിൽ ഉണ്ട്. കൂടാതെ 1500 ലിറ്റർ പാൽ ദിനംപ്രതി സംഭരിച്ച് വിതരണം ചെയ്യുന്ന ഗ്രീൻ മിൽക്ക് പദ്ധതിയും, മണ്ണിര കമ്പോസ്റ്റ് യൂണിറ്റും, അത്യുൽപാദനശേഷിയുള്ള ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്ന അത്യാധുനിക ഹാച്ചറിയും, 38 ഏക്കർ സ്ഥലത്ത് അത്യുല്പാദനശേഷിയുള്ള നേപ്പിയർ ഇനത്തിലുള്ള തീറ്റപ്പുൽ കൃഷി എന്നിവയും ഇതോടൊപ്പം നടത്തി വരുന്നു. ഫാമിന്റെ ദൈനംദിന പ്രവൃത്തിനങ്ങളുമായി ആയി ബന്ധപ്പെട്ട വിഷയങ്ങൾ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥരുമായി മന്ത്രി ചർച്ച നടത്തി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ജലസേചന സൗകര്യം നവീകരിക്കുവാനും, പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുവാനുമുള്ള സത്വരനടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഫാമിലെ തൊഴിലാളികളുമായി മന്ത്രി കൂടിക്കാഴ്ച നടത്തി. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്ന് മന്ത്രി പറഞ്ഞു. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു

# മ്യൂസിയത്ത് കൃഷി ഉദ്യോഗസ്ഥരുടെ കൃഷി നടത്തം




ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി പ്രചരണാർത്ഥം തിരുവനന്തപുരം ജില്ലാ കൃഷിഭവൻ പ്രചരണ ടീമും, കോർപ്പറേഷൻ കൃഷിഭവനും സംയുക്തമായി മ്യൂസിയം വളപ്പിലെ പ്രഭാത സവാരിക്കാരെ കണ്ണികളാക്കി കൃഷി നടത്തം സംഘടിപ്പിച്ചു. പ്രിൻസിപ്പൽ കൃഷി ആഫീസർ ഇൻ ചാർജ് ശ്രീ. ബൈജു എസ് സൈമൺ ഒപ്പം നടന്ന് പ്രചരണം ഉദ്ഘാടനം ചെയ്തു.

ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ ശ്രീ. സുനിൽ കുമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. എസ്.പത്മം, പള്ളിച്ചൽ എ.ഡി.എ ശ്രീമതി. വി.ആർ.ജ്യോതി, മാതൃകാ കർഷകൻ വട്ടിയൂർകാവ് ശ്രീ. ശശിധരൻ നായർ തുടങ്ങിയവർ പങ്കെടുത്തു. കോർപ്പറേഷൻ കൃഷിഭവൻ അസിസ്റ്റന്റ് കൃഷി ആഫീസർ ശ്രീ. ഹരീന്ദ്രനാഥ് പരിപാടിയ്ക്ക് നേതൃത്വം വഹിച്ചു. രാവിലെ 7 ന് തുടങ്ങിയ നടത്തം 8 മണിയ്ക്ക് സമാപിച്ചു. സഞ്ചാരികൾക്ക് പച്ചക്കറി വിത്തുകളും സമ്മാനിച്ചു.

# അകിടുവീക്കം

**ഡോ. ആശ റ്റി.റ്റി.,**
അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

ക്ഷീരം തരുന്ന അകിടിൽ ഉണ്ടാകുന്ന ചതവുകളും മുറിവുകളും അതെത്ര നിസാരമായാലും ഭേദമാക്കിയില്ലെങ്കിൽ അകിടുവീക്കത്തിലേയ്ക്ക് നയിയ്ക്കാം. കറവപ്പശുക്കളെ വളർത്തുന്ന കർഷകർക്ക് വളരെയധികം സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുന്ന രോഗമാണ് അകിടുവീക്കം. മാത്രമല്ല, സർവ്വസാധാരണവും. വിവധതരം അണുക്കൾ അകിടിൽ കടന്ന് പാലുൽപാദിപ്പിയ്ക്കുന്ന ഗ്രന്ഥികൾക്ക് ക്ഷതം വരുത്തുന്നതാണ് അകിടുവീക്കം. അസുഖം ബാധിച്ച പശുക്കൾ ശാരീരികാസ്വസ്ഥതകൾ കാണിയ്ക്കുകയും പാൽ ഉപയോഗശൂന്യമാവുകയും ചെയ്യും. അകിടുവീക്കം വരുന്ന വഴിയും, വരാതിരിക്കാൻ എന്തെല്ലാം ശ്രദ്ധിയ്ക്കണം എന്നും നോക്കാം.

കൂടുതൽ പാലുൽപാദിപ്പിയ്ക്കുന്ന ഇനങ്ങൾക്കാണ് അകിടുവീക്കം കൂടുതലായും കാണുന്നത്. അതുപോലെ തന്നെ പാലുൽപാദനം കൂടുതലുള്ള കറവക്കാലത്തിന്റെ ആദ്യ മൂന്നുമാസങ്ങളിലാണ് സാധാരണ അകിടുവീക്കം ഉണ്ടാകുന്നത്. കൈയ്യുപയോഗിച്ച് കറക്കുമ്പോൾ മടക്കിയ വിരലുകൾ കാമ്പിൽ തട്ടുന്നതും, മെഷീനുപയോഗിയ്ക്കുമ്പോൾ മർദ്ദത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും അകിടുവീക്കത്തിലേയ്ക്ക് നയിയ്ക്കാം. മഴക്കാലത്തും ചൂടുകാലത്തും അകിടുവീക്കം സാധാരണമാണ്. അകിടിലുണ്ടാകുന്ന ചതവുകളിലും മുറിവുകളിലും കൂടിയോ, കാമ്പിലൂടെയോ രക്തത്തിലൂടെയോ ഒക്കെ ക്ഷീരഗ്രന്ഥികളിലേയ്ക്ക് സൂക്ഷ്മാണുക്കൾ എത്തപ്പെടാം.

അകിട് പെട്ടന്ന് നീരുവന്ന് ചുമക്കുകയും തൊട്ടുനോക്കുമ്പോൾ അകിടിൽ ചൂടുകൂടുതലായതായും വേദന ഉള്ളതായും തടിപ്പുള്ളതായും മനസിലാക്കുവാനും കഴിയും. പശുക്കൾ പനിയ്ക്കുകയും തീറ്റയോടും വെള്ളത്തിനോടും അറപ്പുകാണിയ്ക്കുകയും ചെയ്യാൽ ഉടമസ്ഥന് പെട്ടന്ന് പിടികിട്ടും അകിടുവീക്കമാണെന്ന്. പാലുൽപാദനം കുറയുകയോ അസുഖം ബാധിച്ച അകിടിൽ നിന്നും പാല് കിട്ടാതാകുകയോ ചെയ്യാം. കേടുവന്ന പാലിന്റെ നിറവും മണവും രുചിയും കട്ടിയുമൊക്കെ കാരണക്കാരായ അണുക്കൾക്കനുസരിച്ച് മാറും. നേർത്ത് തരികളോടുകൂടിയോ, തൈരുപോലെ കട്ടിയായോ, രക്തം വർണ്ണത്തിലോ ഒക്കെ ആകും അകിടുവീക്കം ബാധിച്ച പശുവിന്റെ പാല്. അസുഖബാധിതരായ പശുക്കൾക്ക് നിർജ്ജലീകരണമുണ്ടാകാൻ സാധ്യതയുണ്ട്. ഇങ്ങനെ പ്രകടമായ ലക്ഷണങ്ങളോടുകൂടിയ ക്ലിനിക്കൽ മാസ്റ്റൈറ്റിസ് കണ്ടാൽ ഉടനെ ചികിത്സ നൽകാനും കഴിയും. സമയത്ത് ചികിത്സ നൽകിയില്ലെങ്കിൽ അകിടുവീക്കം മരണകാരണം വരെയാകാൻ സാധ്യതയുണ്ട്.



പാലിലോ അകിടിലോ യാതൊരു മാറ്റവും ഉണ്ടാക്കാത്ത സബ്ക്ലിനിക്കൽ മാസ്റ്റൈറ്റിസാണ് പ്രകടമായ ലക്ഷണങ്ങൾ കാണിയ്ക്കുന്ന ക്ലിനിക്കൽ മാസ്റ്റൈറ്റിസിനേക്കാൾ കൂടുതൽ കാണപ്പെടുന്നത്. സബ്ക്ലിനിക്കൽ മാസ്റ്റൈറ്റിസിലാകട്ടെ അകിടിലോ പാലിലോ യാതൊരു വ്യത്യാസവും പ്രത്യക്ഷമായി ഉണ്ടാകില്ല. പാലുൽപാദനത്തിൽ ദിനം പ്രതിയെന്നോണം ഉണ്ടാകുന്ന കുറവുമാത്രമാണ് അറയുവാൻകഴിയുക. പാല് പരിശോധിച്ചാൽ അതിന് കട്ടി കൂടുതൽ ഉള്ളതായും ഉപ്പുരസം ഉള്ളതായും അറിയുവാൻ കഴിയും. കാലിഫോർണിയ മാസ്റ്റൈറ്റിസ് ടെസ്റ്റ് ഉപയോഗപ്പെടുത്തി കറന്നെടുക്കുന്ന പാലിന് വ്യത്യാസമുണ്ടോ എന്ന് എളുപ്പത്തിൽ അറിയാൻ കഴിയും. ചില പശുക്കൾ ഇടവിട്ട് അകിടുവീക്ക ലക്ഷണങ്ങൾ പ്രകടമാക്കും. ഓരോ തവണ ചികിത്സിച്ച് ഭേദമാക്കിയാലും വീണ്ടും പാലിന് കേടുവരും. ഇങ്ങനെ വിട്ടു വിട്ടുണ്ടാകുന്ന അകിടുവീക്കമാണ് ക്രോണിക് മാസ്റ്റൈറ്റിസ്. വിട്ടുമാറാതെ നിൽക്കുന്ന അകിടുവീക്കത്തിന്റെ കാരണം പരിശോധനയിൽ കൂടിമാത്രമേ കണ്ടെത്താൻ കഴിയൂ.

ലബോറട്ടറി പരിശോധനയിലൂടെ പാലിലെ അണുക്കളെ തിരിച്ചറിയുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും കഴിയും. അകിടിനുൾഭാഗം കേടുവരുത്തുന്ന അണുക്കളെ നശിപ്പിയ്ക്കുന്നതിനായി ആന്റിബയോട്ടിക് ചികിത്സ നൽകുന്ന പശുക്കളുടെ പാൽ 3-4 ദിവസത്തേയ്ക്ക് ഉപയോഗിയ്ക്കരുത്. ആന്റീബയോട്ടിക്കുകൾക്കുപുറമേ അകിടിലെ നീരു വലിയുന്നതിനുള്ള മരുന്നുകളും പനിയും മറ്റ് അസ്വസ്ഥതകളും മാറുന്നതിനുള്ള മരുന്നുകളും കൊടുക്കാറുണ്ട്. അടുത്തുള്ള മൃഗാശുപത്രിയിലെ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രമേ ആന്റീബയോട്ടിക്ക് മരുന്നുകൾ ഉപയോഗിയ്ക്കാവൂ.

കേടുവന്ന പാൽ ഇടവിട്ട് കറന്നു കളയേണ്ടതുണ്ട്. അഞ്ചുശതമാനം വീര്യമുള്ള ഫീനോൾ ഉപയോഗിച്ച് അണുനശീകരണം ചെയ്തു വേണം കേടുവന്ന പാൽ കളയാൻ. അസുഖം ബാധിച്ച അകിടിൽ നിന്നും വരുന്ന കേടായ പാൽ മറ്റ് അകിടുകളിലേയ്ക്കും മറ്റ് പശുക്കളിലേയ്ക്കും അണുക്കളെകൊടുക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ ഒന്നിൽ കൂടുതൽ കാലികൾ ഉള്ള തൊഴുത്തിൽ ആരോഗ്യമുള്ള പശുക്കളെ കറന്നതിനുശേഷം മാത്രമേ അസുഖബാധിതരെ കറക്കാൻ പാടുള്ളൂ. അസുഖമുള്ള അകിടും അവസാനമേ കറക്കാവൂ. കറവയ്ക്കു മുൻപും കറവയ്ക്കു ശേഷവും അകിടും കാമ്പും അണുവിമുക്തമാക്കുന്നതിലൂടെയും അകിടിൽ ക്ഷതങ്ങളുണ്ടായാൽ ഉടൻ ചികിത്സ നൽകുന്നതിലൂടെയും ഒരു പരിധിവരെ അകിടുവീക്കം നിയന്ത്രിയ്ക്കാം.

വറ്റു കറവയിൽ കറവനിർത്തുന്നതിനുമുൻപ് പാല് പരിശോധിയ്ക്കുകയും അണുനശീകരണ മരുന്നുകൾ കാമ്പിലൂടെ അകിടിലേയ്ക്ക് കയറ്റുകയും ചെയ്യുന്നത് നല്ലതാണ്. കറവ വറ്റിയ സമയത്ത് അകിടുവീക്കം ഉണ്ടാകാതിരിയ്ക്കുവാൻ ഇത് സഹായിയ്ക്കും. കറവകഴിഞ്ഞുടൻ തീറ്റ നൽകുന്നതിലൂടെ കാലികൾ കിടക്കുന്നത് ഒഴിവാക്കാം. കറവയ്ക്കുശേഷം ഉടനെ കാലികൾ കിടക്കുകയാണെങ്കിൽ കാമ്പിലൂടെ അണുക്കൾ അകിടിലേയ്ക്ക് കയറുന്നതിന് കാരണമാകും. തൊഴുത്തും പരിസരവും ശുചിയായും അണുവിമുക്തമായും സൂക്ഷിയ്ക്കേണ്ടത് അകിടുവീക്കം മാത്രമല്ല, മറ്റെല്ലാ അണുബാധകളിൽ നിന്നും പശുക്കളെ സംരക്ഷിയ്ക്കുന്നതിനാവശ്യമാണ്.

അകിടിന് പെട്ടെന്ന് നീര് വരികയും പാലിന് വ്യത്യാസം ഉണ്ടാവുകയും ചെയ്താൽ ഉടനെ തന്നെ പശുവിനു വേണ്ട ചികിത്സ നൽകണം. പ്രകടമായ ലക്ഷണങ്ങൾ കാണിയ്ക്കാതെ പാലുൽപാദനത്തിൽ കുറവുമാത്രം വരികയാണെങ്കിൽ കർഷകർക്കു തന്നെ പാല് പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കി അകിടുവീക്കം തിരിച്ചറിയുവാൻ കഴിയുന്നതാണ്. ഇത്തരം പ്രകടലക്ഷണങ്ങളില്ലാത്ത അകിടുവീക്കം, തുടർച്ചയായി പാലുൽപാദനം കുറയുന്നതിനും കർഷകർക്ക് ഒരുപാട് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതിനും കാരണമാകും.

# മൃഗസംരക്ഷണ ക്ഷീരമേഖലയിലെ കർഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രത്യേക പാക്കേജ്



മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ കർഷകർക്ക് പ്രവർത്തന മൂലധനം കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി ലഭ്യമാക്കുന്ന പദ്ധതിക്കു രൂപം കൊടുക്കുവാൻ സ്റ്റേറ്റ്ബാങ്ക് ഓഫ്ഇന്ത്യയും, സംസ്ഥാന മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പും കൈകോർക്കുന്നു. ഇതിനായി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ്മന്ത്രി ശ്രീമതി. ജെ .ചിഞ്ചുറാണി വിളിച്ചു ചേർത്തയോഗത്തിൽ മിൽമയുടെ മൂന്ന് മേഖല യൂണിയന്റെയും ചെയർമാൻമാർ, മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ധനസഹായം സംബന്ധിച്ച വിവിധ പദ്ധതികൾ അവതരിപ്പിച്ചു.

ജൂൺ മാസം മുതൽ വായ്പ പദ്ധതിക്ക് തുടക്കം കുറിക്കും. ആദ്യഘട്ടത്തിൽ 10000 കിസാൻ ക്രെഡിറ്റ് കാർഡ് അനുവദിക്കും. ക്ഷീരവരകസനവകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) വിവിധ പദ്ധതികൾക്കായി പരിശീലനവും, വായ്പാ സഹായവും ഇതിലൂടെ ലക്ഷ്യമിടുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡ് അപേക്ഷ നൽകിയിട്ട് വായ്പ ലഭിക്കാത്ത കർഷകർക്ക് ആദ്യഘട്ടത്തിൽ മുൻഗണനാ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കും. കിസാൻ ക്രെഡിറ്റ്കാർഡ് അപേക്ഷ കൈകാര്യം ചെയ്യുന്നതിലുള്ള സങ്കീർണതകൾ ഒഴിവാക്കാൻ ഐടി അധിഷ്ഠിത സംവിധാനത്തിനു രൂപം കൊടുക്കും. നിലവിൽ മൃഗസംരക്ഷണ വകുപ്പ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂമിക ഡേറ്റാബേസ് അധിഷ്ഠിതമായി കർഷകരെ തിരിച്ചറിഞ്ഞ് യഥാർത്ഥകർഷകർക്ക് വായ്പലഭ്യമാക്കുന്ന പദ്ധതിക്കാണു രൂപം കൊടുക്കുന്നത്. ക്ഷീരകർഷകർക്ക് ഗുണമേന്മകൂടുമാനദണ്ഡമാക്കി പാലിന് അധിക വിലനൽകുന്നതിനുള്ള പദ്ധതിസർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ മിൽമയുടെ ഉത്പന്നങ്ങൾ വിതരണത്തിനായി മൊബൈൽഷോപ്പുകൾ വനിതാസംരംഭകർക്ക് ആയി ആരംഭിക്കുവാൻ സഹായം നൽകുന്ന വിഷയവും എസ്ബിഐയുടെ പരിഗണനയിലുണ്ട്. ഈ പദ്ധതിയുടെ ഏകോപനത്തിനായി എസ്ബിഐയുടെയും സർക്കാരിന്റെ പ്രതിനിധികൾ അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സിനു രൂപം നൽകി.

യോഗത്തിൽ മന്ത്രി ആവശ്യപ്പെട്ട വിഷയങ്ങൾ താല്പര്യപൂർവ്വം പരിഗണിക്കുമെന്ന് എസ്ബിഐയുടെ അധികൃതർ ഉറപ്പുനൽകി. യോഗത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ് ശിവശങ്കർ ഐഎഎസ്, കേരളത്തിലെ ചുമതലയുള്ള എസ്ബിഐ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ശ്രീമതി. സാലി എസ്., തിരുവനന്തപുരം സർക്കിൾ സിജിഎം ശ്രീ. ശ്രീകാന്ത്, മിൽമ ഫെഡറേഷൻ ചെയർമാൻ ശ്രീ. കെ.എസ്. മണി, എറണാകുളം മേഖലാ ചെയർമാൻ ശ്രീ. ജോൺ തെരുവത്ത്, തിരുവനന്തപുരം മേഖല അഡ്മിനിസ്ട്രേറ്റീവ് ചെയർമാൻ ശ്രീ. ഭാസുരാംഗൻ, എംപിഐ, കേരള ഫീഡ്സ്, കെപ്കോ, മിൽമ മാനേജിങ് ഡയറക്ടർമാർ, മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പ്, എസ്ബിഐ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh